

കത്തുകൾ

# നിവേദിത മേനോൻ പറഞ്ഞത്

**ഇറാഖിനെ** ആക്രമിക്കാനുള്ള പ്രധാന കാരണം ഈജിപ്തിലെ ഹുസ്നി മുബാറക്കിന്റെ ആവശ്യമാണെന്നുള്ള ബുഷിന്റെ കുമ്പസാരം (*പ്രബോധനം* 2010 ഡിസംബർ 18) ഭാഗികമായ സത്യം മാത്രമേ ആകുന്നുള്ളൂ. കുവൈത്തിലേക്ക് കടന്ന ഇറാഖി സേനയുടെ ടാങ്കുകൾ സുഊദി അറേബ്യയിലേക്ക് തിരിച്ചിരിക്കുന്നതായുള്ള സാറ്റ്ലൈറ്റ് ചിത്രങ്ങൾ കാണിച്ച് കൊടുത്ത് സുഊദി അറേബ്യയുടെ സമ്മതവും ബുഷ് വാങ്ങിയിരുന്നു. എന്നാൽ ഇക്കാര്യം മറച്ചുവെച്ചിരുന്നത്, മറ്റൊരു അമേരിക്കൻ അധിനിവേശം വേണ്ടിവന്നാൽ (ഇറാനിലേക്ക് എന്ന് വ്യക്തം)സുഊദി അറേബ്യയുടെ സഹകരണം ഒഴിച്ചുകൂടാനാവില്ല എന്ന് മുൻകൂട്ടി കാണുന്നത് കൊണ്ടായിരിക്കാം.

അമേരിക്കയുടെയും യൂറോപ്പിന്റെയും 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന തന്ത്രം തന്നെയാണ് ഇവിടെയും കാണുന്നത്. മുസ്‌ലിം രാജ്യങ്ങൾ ഇതു വേണ്ടുംവണ്ണം കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. നാറ്റോ ശക്തികളുടെ സഖ്യം പോലെതന്നെ, മുസ്‌ലിം രാജ്യങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അവരുടെ ആഭ്യന്തര കാര്യങ്ങളിൽ നാറ്റോ ശക്തികളെ കഴിയുന്നതും ഇടപെടാൻ അനുവദിക്കാത്തേടത്തോളം കാലം, സമാധാനം പുനഃസ്ഥാപിക്കാനാവുമെന്ന് തോന്നുന്നില്ല. മുസ്‌ലിം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യൻ ഓർഗനൈസേഷനുകളുടെ ഫണ്ടിന്റെ വരവും വിനിയോഗവും വളരെ ശ്രദ്ധാപൂർവം നിരീക്ഷിക്കേണ്ടിയിരിക്കുന്നു.

പ്രഫ. നിവേദിത മേനോനുമായുള്ള അഭിമുഖം തികച്ചും പഠനാർഹംതന്നെ. മുസ്‌ലിം സമുദായത്തോട് പലപ്പോഴും കാണാറുള്ള ക്രൂരമായ വിവേചനം ഇന്ത്യക്ക് അകത്ത് മാത്രം നടക്കുന്ന പ്രതിഭാസമല്ല. ആഗോള വ്യാപകമായി നടക്കുന്ന ഇത്തരത്തിലുള്ള വിവേചനങ്ങൾ ഇന്ത്യയിലും അനുവർത്തിക്കാൻ ചില വർഗീയശക്തികൾക്ക് എളുപ്പത്തിൽ സാധിക്കുന്നു എന്നു മാത്രം. പുരാതന കാലത്ത് അസുരന്മാർ എന്ന് ആരോപിച്ച് തങ്ങളുടെ വരുതിയിൽ വരാത്തവരെ ഉന്മൂലന നാശം ചെയ്തിരുന്നു. ഇന്നും അതുതന്നെ 'മാവോയിസ്റ്റുകൾ' അഥവാ 'ഭീകര പ്രവർത്തകർ' എന്ന് ആരോപിച്ച് നിഷ്പ്രയാസം ബോധപൂർവമുള്ള വധത്തെ ന്യായീകരിക്കുന്നു! ഇതിനെ ചെറുക്കാൻ തീർച്ചയായും നിവേദിത മേനോൻ മുന്നോട്ടുവെച്ചതു പോലെ മതേതരശക്തികളുടെ ഐക്യദാർഢ്യമുള്ള സംഘടന ഇന്ത്യയിൽ എത്രയും വേഗം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനായി നിവേദിത മേനോൻ തന്നെ മുൻകൈ എടുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. എന്റെ ഭാഗത്തുനിന്ന് അതിനായി എല്ലാ സഹകരണവും തീർച്ചയായും ഉണ്ടായിരിക്കും.

**ഡോ. ബി.വി ബേബി, ഹൽകൽ**
**ഉടുപ്പി, കർണാടക**
*dr.bvbaby@yahoo.co.in*

## വിരൽ തുമ്പിലെ വില്ലന്മാർ

**മൊബൈൽ** ഇന്റർനെറ്റ് ലോകത്ത് വികസിച്ചുവന്ന പല സംവിധാനങ്ങളെയും ദുരുപയോഗപ്പെടുത്തുകയാണ് സമകാലിക ലോകം. എത്രയെത്ര കുടുംബങ്ങളുടെയും കുട്ടികളുടെയും ജീവിതങ്ങളാണ് തകർന്നുകൊണ്ടിരിക്കുന്നത്!

മിസ്ഡ് കോൾ ബന്ധങ്ങളിലൂടെയും ചാറ്റിംഗ് സൗഹൃദങ്ങളിലൂടെയും പല കുടുംബബന്ധങ്ങളിലും വലിയ ദുരന്തങ്ങൾ തന്നെ സംഭവിക്കുന്നുണ്ട്. ചെറിയ കുട്ടികൾ മുതൽ വയോവൃദ്ധർ വരെ ഇതിന്റെ ഇരകളായിക്കൊണ്ടിരിക്കുന്നു. അനാവശ്യങ്ങൾക്കാണ് ഈ മേഖലയെ പലരും ഉപയോഗിക്കുന്നത്. അശ്ലീലതയുടെയും സാംസ്കാരിക അധഃപതനത്തിന്റെയും പടുകുഴിയിലേക്ക്, രാജ്യത്തിന്റെയും സമൂഹത്തിന്റെയും കരുത്താകേണ്ട യുവതലമുറ പതിച്ചുക്കൊണ്ടിരിക്കുന്ന ദുരവസ്ഥയാണ് കാണുന്നത്.

മനുഷ്യന്റെ സ്വകാര്യതകൾ പോലും മൊബൈലുകൾ വിൽപനക്ക് വെക്കുന്നു, ഇന്റർനെറ്റ് അതിന്റെ പ്രചാരകനാകുന്നു. ഇങ്ങനെയാണ് സമൂഹം മുന്നോട്ടു പോകുന്നതെങ്കിൽ സമീപ ഭാവിയിൽ തന്നെ വലിയ ദുരന്തങ്ങൾ നമ്മൾ അഭിമുഖീകരിക്കേണ്ടിവരും.

**വി. നിഹാസ്**
**ആലിയാ അറബിക് കോളേജ് കാസർകോട്**

## അതുല്യമായ സമ്മാനം

**മസ്കത്തിൽ** 'ഖുർആൻ വഴി കാണിക്കുന്നു' എന്ന തലക്കെട്ടിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഖുർആൻ കാമ്പയിന്റെ ഉദ്ഘാടനം വെള്ളിയാഴ്ച ഉച്ചക്കായിരുന്നു. യാദൃഛികമായാവാം *പ്രബോധനം* ലക്കം 29 കൈയിൽ കിട്ടുന്നതും വസീം അഹ്മദ് ഗാസിയുടെ 'അതുല്യമായ സമ്മാനം' വായിക്കുന്നതും അന്നുതന്നെ. കാമ്പയിനു വേണ്ടി രംഗത്തിറങ്ങേണ്ട പ്രവർത്തകർക്ക്, ആ 'അതുല്യമായ സമ്മാനം' നൽകിയ പ്യൂണിന്റെ മാതൃക വലിയൊരു പാഠവും ഊർജവും പകർന്നു നൽകുന്നുണ്ട്.

ആ ഡെപ്യൂട്ടി കമീഷണറുടെ അനുഭവം മനസ്സിന്റെ ആഴങ്ങളെ സ്പർശിക്കുന്നു. ജീവിതത്തിലാദ്യത്തെ വായന കൊണ്ടാണ് ആ മനുഷ്യനിൽ ഈ മാറ്റങ്ങൾ ഉണ്ടായതെന്നോർക്കുമ്പോൾ അര നൂറ്റാണ്ടോളം വായിച്ചിട്ടും ഒരു രോമം പോലുമിളകാത്ത നമ്മൾ എവിടെ നിൽക്കുന്നുവെന്നു സ്വയം ചോദിക്കേണ്ടതുണ്ട്. 'ഈ അമൂല്യമായ പാരിതോഷികത്തിനു പകരം വെക്കാൻ മറ്റൊന്നുമില്ല എന്ന് താങ്കൾക്ക് ഉറച്ചു വിശ്വസിക്കാം' - നമുക്കീ വാക്കുകൾ മാതൃകയാക്കാം.

**ഇബ്നു ഹസൻ**
**മസ്കത്ത്**

# അഭിമാനിക്കാം; പക്ഷേ ഇനിയും മാറണം

**കേരളത്തിലെ** ഇസ്‌ലാമിക സംഘടനകൾക്ക് ഏറെ അഭിമാനിക്കാവുന്ന വാർത്തയാണ് കഴിഞ്ഞ ദിവസം പത്രങ്ങളിൽ വായിക്കാനായത്. ആധുനിക വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചും വ്യവസ്ഥാപിതമായ ശൃംഖല സ്ഥാപിച്ചും കേരളത്തിലെ ഇസ്‌ലാമിക മതസ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നാണ് നാഷ്നൽ കൗൺസിൽ ഫോർ എജുക്കേഷൻ റിസർച്ച് ആന്റ് ട്രെയ്നിംഗ് (എൻ.സി.ആർ.ഇ.ടി) പ്രഖ്യാപിച്ചത്. സർക്കാർ വക മദ്‌റസാ ബോർഡില്ലാതെ ഈ മേഖലയിൽ കേരളമാണ് വലിയ നേട്ടം കൈവരിച്ചതെന്നും എൻ.സി.ആർ.ഇ.ടി റിപ്പോർട്ടിൽ പ്രത്യേകം എടുത്തു പറയുന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്‌ലാമി കേരളയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് തയാറാക്കിയ ആർട്‌സ് ആന്റ് ഇസ്‌ലാമിക് കോഴ്‌സ് (എ.ഐ.സി) പ്രത്യേകം പ്രശംസ നേടിയതായി റിപ്പോർട്ടിൽ എടുത്തു കാണിച്ചിരുന്നു.

കേരളത്തിൽ മതവിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസവും രണ്ട് ധ്രുവങ്ങളിൽ നീങ്ങുന്ന ഘട്ടത്തിലാണ് ജമാഅത്ത് പ്രൈമറി മദ്‌റസകൾ മുതൽ ഉന്നത കലാലയങ്ങൾ വരെയുള്ള കോഴ്‌സുകൾക്ക് പ്രത്യേകം പ്രത്യേകം പാഠ്യപദ്ധതികൾ തയാറാക്കി മാതൃക കാണിച്ചത്. അന്ന് പലർക്കും ഇതത്ര ദഹിച്ചിരുന്നില്ല. പിന്നീട് സമാനമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരിക്കാനും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും എല്ലാവരും മുന്നോട്ടുവന്നു.

സ്ത്രീകൾ ഇന്ന് ഏറെ മുന്നോട്ട് പോയതിലും പ്രസ്ഥാന പ്രവർത്തനങ്ങൾ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് വിലയിരുത്താനാകും. വനിതാ കലാലയങ്ങൾ നാട്ടിൽ 'ഫിത്‌നയും ഫസാദും' ഉണ്ടാക്കുമെന്ന് നാഴികക്ക് നാൽപത് വട്ടം പറഞ്ഞ് നടന്നവർ ഇന്ന് ഏറെ മുന്നേറി. ആധുനിക സൗകര്യങ്ങളോടെ കാലോചിതമായ പരിഷ്കാരങ്ങളോടെ വനിതാ കലാലയങ്ങൾ ഇന്ന് എല്ലാ മുസ്‌ലിം സംഘടനകൾക്കും ധാരാളം.

സ്ത്രീശാക്തീകരണം ദ്രുതഗതിയിൽ നടക്കുന്നതിനിടയിലും എൻ.സി.ആർ.ഇ.ടിയുടെ റിപ്പോർട്ടിലെ ഒരു പരാമർശം എല്ലാ മുസ്‌ലിം സംഘടനകളും ഗൗരവപൂർവം പരിഗണിക്കേണ്ടതുണ്ട്. ഇസ്‌ലാമിക കലാലയങ്ങളിൽ അധ്യാപക-അനധ്യാപക ജീവനക്കാരിൽ വനിതകൾ കുറവാണെന്നതാണ് ആ പരാമർശം. റിപ്പോർട്ടിൽ ഏക പോരായ്മയായി അടിവരയിട്ട് പറയുന്നതാണിത്. നമ്മുടെ കലാലയങ്ങളിൽ പ്രത്യേകിച്ച് മദ്‌റസകളിൽ എവിടെയാണ് സ്ത്രീസാന്നിധ്യം? ജമാഅത്തിന്റെയും മുജാഹിദിന്റെയും മദ്‌റസകളിൽ നാമമാത്രമായി ചില ജീവനക്കാരുണ്ടെന്ന് മാത്രം.

സ്ത്രീസാന്നിധ്യം മദ്‌റസകളിൽ ഉണ്ടായാൽ പെൺകുട്ടികളുടെ തർബിയത്തിന് അതൊരു വലിയ നേട്ടമാകും. എന്തുകൊണ്ട് ഈ വഴിക്ക് ചിന്തിക്കുന്നില്ല? പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് വേണ്ട തർബിയത്ത് കൊടുക്കാൻ അധ്യാപികമാർക്കല്ലേ കഴിയുക? നമസ്കാര കാര്യങ്ങളിലും മറ്റും പെൺകുട്ടികളെ മാത്രം ബാധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യാൻ എന്തുകൊണ്ട് കുറച്ച് അധ്യാപികമാരെ മദ്‌റസകളിൽ നിയമിച്ചുകൂടാ?

**അനീസുദ്ദീൻ ചെറുകുളമ്പ്**

## ചുരുക്കെഴുത്ത്

'**സവർണ** സിനിമക്കെതിരായ ലേഖനമെഴുത്ത്' (ലക്കം 67/27) എന്ന പേരിൽ നാജിദാബാനു ആദിരാജ എഴുതിയ പ്രതികരണം രസകരമായിരുന്നു. എത്രയോ കാലമായി മനസ്സിൽ വിചാരിച്ചത് വളരെ സരസമായി, കുറിക്കുകൊള്ളുന്ന വിധം അവതരിപ്പിച്ചിരിക്കുന്നു, അഭിനന്ദനങ്ങൾ. 'ഇസ്‌ലാമിക പരിപ്രേക്ഷ്യം' എന്നു പറഞ്ഞ് എന്ത് അസംബന്ധവും എഴുതിപ്പിടിപ്പിക്കുന്നവർക്ക് സരളമായ മറുപടി നൽകിയിരിക്കുന്നു.

**പി. റഫീഖ് മണ്ണാർക്കാട്**

# അനുകരിച്ചോളൂ... ആക്രമിക്കരുത്

**സ്വാർഥ** താൽപര്യങ്ങൾക്ക് വേണ്ടി വിവേകശൂന്യമായ നിലപാടുകളിലൂടെ ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ വ്യാപകവും സംഘടിതവുമായ ആക്ഷേപങ്ങളും ആരോപണങ്ങളും അഴിച്ചുവിടുകയാണ് ചിലർ.

പകയും വിദ്വേഷവും അസൂയയും ഒപ്പം അജ്ഞതയും നിറഞ്ഞ, പ്രതിപക്ഷ ബഹുമാനം ഒട്ടുമില്ലാത്ത അടിസ്ഥാനരഹിതമായ പ്രചാരണങ്ങളാണ് നടത്തുന്നതെന്ന് അവ ഉന്നയിക്കുന്നവർക്കുതന്നെ നന്നായറിയാം. സത്യവും നന്മയും നീതിയും ന്യായവും സമാധാനവും പുലരണമെന്നാഗ്രഹിക്കുന്ന പൊതുസമൂഹത്തിലെ നല്ല മനുഷ്യർക്കും മുസ്‌ലിംകളിലെ വലിയൊരു വിഭാഗത്തിനും ഏറെ പ്രയാസവും വിഷമമവും സൃഷ്ടിച്ചിട്ടുണ്ട് ഇത്തരം പ്രചാരണങ്ങൾ.

പല കാരണങ്ങളാൽ പുതിയ തലമുറ ദീനിൽനിന്ന് അകന്നുപോകുന്നതും ധാർമികച്യുതിയിൽ അകപ്പെടുന്നതും ഇവർക്കെന്താണ് കണ്ണ് തുറന്ന് കാണാനാവാത്തത്? അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഇവരാരെങ്കിലും തയാറുണ്ടോ? ടൈറ്റിലുകൾ സമർപ്പിക്കാൻ എന്നും മുൻനിരയിലുണ്ടായിരുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തെ അനുകരിക്കുന്നത് നല്ലതുതന്നെ. പക്ഷേ, അനുകരിച്ചെടുത്ത ടൈറ്റിലുകളും നിലപാടുകളും മുദ്രാവാക്യങ്ങളും ഇസ്‌ലാമിനെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെയും ആക്രമിക്കാൻ ഉപയോഗിക്കുന്നത് നല്ലതാണോ എന്നെങ്കിലും ചിന്തിച്ചുകൂടേ.

ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും എസ്.ഐ.ഒയും ജി.ഐ.ഒയും *പ്രബോധന*വും *മാധ്യമ*വും ഐ.പി.എച്ചും പൊതുസമൂഹത്തിലേക്ക് തുറന്നുവെച്ച സകല വാതിലുകളും സമര മുഖങ്ങളും മുദ്രാവാക്യങ്ങളും നയനിലപാടുകളും കർമപദ്ധതികളും ആർക്കും അനുകരിക്കാം. അത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. എറിഞ്ഞുടച്ച ശേഷം അനുകരിച്ച് കളയാമെന്നോ ആ വിടവിൽ കയറിക്കൂടാമെന്നോ ഉള്ള വ്യാമോഹം നടക്കണമെങ്കിൽ ആദർശങ്ങളിലും നയനിലപാടുകളിലും പ്രായോഗിക പദ്ധതികളിലും മതസംഘടനകൾ ഇനിയുമെത്രയോ നാഴികകൾ താണ്ടേണ്ടിയിരിക്കുന്നു.

**കല്ലമ്പലം നജീബ്**
*kallambalamnajeeb1@gmail.com*